# പതിനഞ്ചാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

2025 ഒക്ടോബർ 08, ബുധൻ

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ:**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധ ക്ഷണിക്കൽ:**

(1) ഇൻഫോപാർക്ക് വരെ വിഭാവനം ചെയ്തിട്ടുള്ള കൊച്ചി മെട്രോ റെയിൽ വികസന പദ്ധതി മനക്കക്കടവ് പാലം വരെ ദീർഘിപ്പിക്കേണ്ടതിന്റെയും നിർദ്ദിഷ്ട തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത യിലേക്ക് ശ്രീ. പി. വി. ശ്രീനിജിൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) ലയണൽ മെസ്സി ഉൾപ്പെടുന്ന അർജന്റീന ഫുട്ബോൾ ടീം കേരളത്തിൽ കളിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് നടത്തുവാൻ ഉദ്ദേശിക്കുന്ന കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര മത്സരങ്ങൾക്ക് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള സുരക്ഷയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി സജ്ജീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി ഉമ തോമസ് തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. റിപ്പോർട്ടുകളുടെ സമർപ്പണം:**

(1) പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർപേഴ്സണുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസ് കമ്മിറ്റിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശക ളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കു ന്നതാണ്.

(2) ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണുമായ ശ്രീമതി വീണാ ജോർജ്ജ് ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ സംബന്ധിച്ച കമ്മിറ്റിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്ന താണ്.

(3) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പു മന്ത്രിയും സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർപേഴ്സണുമായ ശ്രീ. ഒ. ആർ. കേളു കമ്മിറ്റിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നതാണ്.

**4. <u>നിയമ നിർമ്മാണകാര്യം</u>:**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

(iv) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
2025 ഒക്ടോബർ 07.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**

**Fourteenth Session**

*Wednesday, October 08, 2025*

**LIST OF BUSINESS**

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. P. V. Sreenijin to call the attention of the Chief Minister to the necessity to extend the Kochi Metro Rail Development Project upto Manakkakadavu Bridge which is envisaged upto Info Park and to expedite the initial works of the proposed Thiruvananthapuram, Kozhikode Metro Rail Projects.

(2) Smt. Uma Thomas to call the attention of the Minister for Local Self Governments, Excise and Parliamentary Affairs to the necessity to set up adequate security and related infrastructure facilities in line with international standards at Jawahar Lal Nehru Stadium, Kochi which has been announced as the venue in Kerala for the upcoming match of Argentina Football Team featuring Lionel Messi.

**III. Presentation of Reports:**

(1) Shri. P. A. Mohammed Riyas, Minister for Public Works and Tourism and Chairperson, Subject Committee - V to present the Periodical Report from 1st April 2024 to 31st March 2025 and the Report on the action taken on the recommendations in the Fourth Report regarding the scrutiny of demands for grants for the financial year 2024-2025.

(2) Smt. Veena George, Minister for Health, Woman and Child Development and Chairperson, Subject Committee - XII to present the Special Report of the Committee on the Prevention of Use of Harmful Chemicals in Food products.

(3) Shri. O. R. Kelu, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Chairperson, Subject Committee - XIII to present the Periodical Report from 1st April 2024 to 31st March 2025 and the Report on the action taken on the recommendations in the Fourth Report regarding the scrutiny of demands for grants for the financial year 2024-2025.

**IV. Legislative Business:**

Motion for consideration and further stages of the following Bills as reported by the Subject Committee:

(i) The Kerala Forest (Amendment) Bill, 2025.

(Discussion to be concluded.)

(ii) The Wild Life Protection (Kerala Amendment) Bill, 2025.

(Discussion to be concluded.)

(iii) The Kerala Municipality (Amendment) Bill, 2025.

(Discussion to be concluded.)

(iv) The Kerala Panchayat Raj (Amendment) Bill, 2025.

(Discussion to be concluded.)

Secretariat of the Kerala Legislature,
Thiruvananthapuram,
October 07, 2025.

Dr. N. Krishna Kumar,
Secretary.